# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം4/2033/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(AIMS)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം.
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം4/2033/2023 തീയ്യതി: 07/10/2023

## മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-01-2023 മുതൽ 02-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 02-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 02-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. യു. സൈനുദ്ധീൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് കുമാർ. പി. സി | സെക്രട്ടറി | 01-04-2022 | 30-06-2022 |
| ശ്രീ. ഗോവിന്ദൻ സി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2022 | 10-07-2022 |
| ശ്രീമതി. സുമിത ബി | സെക്രട്ടറി | 11-07-2022 | 20-09-2022 |
| ശ്രീ. ഗോവിന്ദൻ സി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 24-09-2022 |
| ശ്രീമതി. സുമിത ബി | സെക്രട്ടറി | 25-09-2022 | 20-11-2022 |

| | | | |
|---|---|---|---|
| ശ്രീ. ഗോവിന്ദൻ സി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2022 | 27-11-2022 |
| ശ്രീമതി. സുമിത ബി | സെക്രട്ടറി | 28-11-2022 | 08-12-2022 |
| ശ്രീ. ഗോവിന്ദൻ സി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-12-2022 | 31-01-2023 |
| ശ്രീമതി. സുമിത ബി | സെക്രട്ടറി | 01-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജുമൈലത്ത്. വി. വി | അസി.എക്സി.എൻജിനിയർ | 01-04-2022 | 02-08-2022 |
| ശ്രീ. മുരളീധരൻ പി | അസി.എക്സി.എൻജിനിയർ | 03-08-2022 | 03-01-2023 |
| ശ്രീമതി. ജുമൈലത്ത്. വി. വി | അസി.എക്സി.എൻജിനിയർ | 04-01-2023 | 31-03-2023 |
| ശ്രീമതി. സീനു എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. അബ്ദുൾ ജലീൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി ,വെട്ടം) | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് നയീം. ബി. വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. മഹേഷ്. പി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ കുമാർ. സി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബീന. എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 05-08-2022 |
| ശ്രീമതി. സെയ്ഫുന്നീസ ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 06-08-2022 | 12-10-2022 |
| ശ്രീമതി. മിനി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 13-10-2022 | 31-10-2022 |
| ശ്രീമതി. ബിന്ദു കെ.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-11-2022 | 31-03-2023 |
| ശ്രീമതി. റീന പി.ടി | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലക്ഷ്മി ടി | സി.ഡി.പി.ഒ (അഡീഷണൽ) | 01-04-2022 | 14-12-2022 |
| ശ്രീമതി. റീന പി.ടി(അധിക ചുമതല) | സി.ഡി.പി.ഒ (അഡീഷണൽ) | 15-12-2022 | 28-02-2023 |
| ശ്രീമതി. മല്ലിക കെ.എസ് | സി.ഡി.പി.ഒ (അഡീഷണൽ) | 01-03-2023 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും, അവയുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷികകണക്ക് ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല-ഡെപ്പോസിറ്റ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല-അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 17 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങിയതിലെ അപാകത | 1-12 |
| 18 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ-അപാകത | 1-13 |
| 19 | വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ സബ്സിഡി നൽകിയതിലെ അപാകത | 1-14 |
| 20 | സ്റ്റാർട്ടപ്പ് വില്ലേജിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ-സർക്കാർ നിർദേശം പാലിച്ചിട്ടില്ല. | 1-15 |
| 21 | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത | 1-16 |
| 22 | സി.ബി.സി മെഷീൻ വാങ്ങൽ-അധിക തുക നൽകിയത് തിരികെ ലഭിച്ചിട്ടില്ല. | 1-17 |
| 23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ | 1-18 |
| 24 | അഗതി രഹിത കേരളം പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല. 1,00,000/- രൂപ തടസ്സം ചെയ്യുന്നു | 1-19 |
| 25 | പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി- ഫോം വർക്ക് ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാരന് അധികം നൽകിയത് 20,105 രൂപ | 1-20 |
| 26 | ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ - തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി - കരാറുകാരന് അധികം നൽകിയത് - 14,051 രൂപ | 1-21 |
| 27 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 10979 | 1-22 |

| | | |
|---|---|---|
| | രൂപ | |
| 28 | GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ-കരാറുകാരന് അധികം നൽകിയത് 7082 രൂപ – മറ്റ് അപാകതകൾ | 1-23 |
| 29 | അസി.എക്സി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 105547 രൂപ | 1-24 |
| 30 | അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല. | 1-25 |
| 31 | ബ്ലോക്ക് പഞ്ചായത്തിൽ ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം- ₹ 26,877/- മുൻകൂർ തുക നൽകി . പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 32 | പി.എം.എ.വൈ. ഭവന നിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 33 | സബ്സിഡി മാർഗ്ഗരേഖ ലംഘനം - കൊയ്ത്ത്മെതിയന്ത്രം വാങ്ങിയതിൽ 2,70,000/- രൂപയുടെ അധിക ചെലവ് | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി- ഫോം വർക്ക് ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാരന് അധികം നൽകിയത് 20,105 രൂപ | 3-1 |
| 2 | ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ - തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി - കരാറുകാരന് അധികം നൽകിയത് - 14,051 രൂപ | 3-2 |
| 3 | GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ-കരാറുകാരന് അധികം നൽകിയത് 7082 രൂപ – മറ്റ് അപാകതകൾ | 3-3 |
| 4 | സബ്സിഡി മാർഗ്ഗരേഖ ലംഘനം - കൊയ്ത്ത്മെതിയന്ത്രം വാങ്ങിയതിൽ 2,70,000/- രൂപയുടെ അധിക ചെലവ് | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് തിരൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 12.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി : 07-10-2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (4947607/-രൂപ), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (3236719/-രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും, അവയുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ (Specific Purposes Grant) പ്രകാരം Developement Fund CFC Grant ഇനത്തിലെ ( Tied Grant- 8713897, Untied Grant-7395779) ബാലൻസ് തുക 16109679/-രൂപ, B-17 (Cash And Bank Balances) ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| B-4 ഷെഡ്യൂൾ (Specific Purposes Grant) | B-17 (Cash And Bank Balances) | വ്യത്യാസം |
|---|---|---|
| 16109679/-രൂപ | 16408149/-രൂപ | 298470/- |

### 1-1-3 വാർഷികകണക്ക് ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ Rp-43 ഷെഡ്യൂൾ പ്രകാരം Rent Receivables Buildings ഇനത്തിലുള്ള Collection തുക ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| Rent Receivables | വാർഷിക കണക്ക് പ്രകാരം (Rp-43) | ഡി.സി.ബി രജിസ്റ്റർ പ്രകാരം | വ്യത്യസം |
|---|---|---|---|
| Current | 46850 | 61650 | 14800 |
| Arrear | 35993 | 37843 | 1850 |

വാടകയിനത്തിൽ ഐശ്വര്യ ക്യാന്റീൻ വരുത്തിയ കുടിശ്ശിക അവയുടെ പിഴ, ജി.എസ്.ടി എന്നിവ , ക്യാന്റീനിന് നൽകാനുള്ള റിഫ്രെഷ്മെന്റ് ചാർജ് ഇനത്തിൽ നിന്നും അഡ്ജസ്റ്റ് ചെയ്യതിനാലാണ് വാർഷിക കണക്കിൽ വ്യത്യാസം വന്നത് എന്ന് മറുപടിയിൽ അറിയിച്ചു.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല-ഡെപ്പോസിറ്റ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 253078/-രൂപ Deposit Received ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല-അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം 3535143/-രൂപ Loans, Advances, And Deposits ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-6 ഓഡിറ്റ് റിക്കവറി വരവ്- തെറ്റായ ഹെഡിൽ ചേർത്തു.

ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് 1,63,292/- രൂപ RP-26 (Prior Period Item) ഷെഡ്യൂളിലെ ചെലവ് ഹെഡിൽ നെഗറ്റീവ് തുകയായി ചേർത്തു.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 22.03.2022 ലെ 1(1) നം. തീരുമാനം | തീരുമാന നം 1(1) തിയ്യതി 22.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14904949 |
| വരവ് | 85752108 |
| ആകെ | 100657057 |
| ചെലവ് | 82515389 |
| നീക്കിയിരിപ്പ് | 18141668 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 40628000 | 40628000 | 32296061 | 8331939 |
| പ്ലാൻ (SCP) | 0 | 12094000 | 12094000 | 10470053 | 1623947 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied ) | 0 | 6850984 | 6850984 | 4303946 | 2547038 |
| CFC (Tied) | 0 | 11770096 | 11770096 | 9191804 | 2578292 |
| റോഡിതരം (MG) | 0 | 8103000 | 8103000 | 6851969 | 1251031 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 108 | 132004291 | 72 | 72174554 | 0 | 36 | 66.66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.008.2023ന് 10.15 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പണം നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ., 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.
2. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
3. IEO,CDPO, MO (CHC Vettom) എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
4. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക 3-3 കാണുക)
5. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.
6. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി തുക അധികമായി അനുവദിച്ചിട്ടുണ്ട്. (ഖണ്ഡിക 3-4 കാണുക)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.07.2023 To 20.07.2023 | 2022-23 | 27.07.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/2023 | 2018-19 To 2022-23 | ലഭിച്ചിട്ടില്ല |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2014-15 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കണ്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 1/23.08.23] ക്ക് നൽകിയ മറുപടി പ്രകാരം ചെലവഴിച്ച തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം ചേർക്കുന്നു.

| ക്ര.ന | പ്രൊജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | തെക്കൻകുറ്റൂർ കുടിവെള്ള പദ്ധതി | 2014-15 | KWA | 33823 | ലഭ്യമല്ല | 0 | 33823 |
| 2 | പൈപ്പ് ലൈൻ നീട്ടൽ (ബ്ലോക്ക് ഡിവിഷൻ-5,6) | 2018-19 | KWA | 1050000 | ലഭ്യമല്ല | KWA എക്സി. എഞ്ചിനിയറുടെ 22.04.2022 ലെ KWA-PHDN_EDPL_AB1/22 പ്രകാരം 1041691/-രൂപ വിനിയോഗിച്ചു. ബാക്കി തുക 8309/-രൂപ 610142/12.04.2022 ചെക്ക് പ്രകാരം തിരികെ നൽകി | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | തിരുന്നാവായപഞ്ചായത്ത്-മൂഡംപാറ പ്രദേശത്ത കുടിവെള്ളപൈപ്പ്ലൈൻ നീട്ടൽ (98/20-21) | 2020-21 | KWA | 7,00,000 | ലഭ്യമല്ല | KWA എക്സി. എഞ്ചിനിയറുടെ 19.02.2022 ലെ KWA-PHDN_EDPL_AB 581/22(IV) പ്രകാരം 528853/-രൂപ വിനിയോഗിച്ചു. ബാക്കി തുക 171147/-രൂപ 610105/14.02.2022 ചെക്ക് പ്രകാരം തിരികെ നൽകി | 0 |
| 4 | 130/22 - തലക്കാട് ഗ്രാമപഞ്ചായത്തിലെ 62ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം (ചെലവുകൾ MGNREGS Convergence) | 2021-22 | തലക്കാട് ഗ്രാമപഞ്ചായത്ത് | 5,00,000 | ലഭ്യമല്ല | 0 | 5,00,000 |

മേൽ പട്ടികയിലെ ക്രമ നം.1,4 പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകളിൽമേൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-12 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്ന സാധനങ്ങൾ വാങ്ങിയതിലെ അപാകത

പ്രൊജക്ട് : 50/2022-23 (അങ്കണവാടികൾ ഹൈടെക്ക് ആക്കൽ-ബ്ലോക്ക് പരിധിയിലുള്ള 10 അംഗൻവാടികൾ ഹൈ-ടെക്ആക്കി മാറ്റൽ)
നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.പി.ഒ.
അടങ്കൽ : ₹893826/- (വികസന ഫണ്ട്-ജനറൽ)
ചെലവ് : ₹893755/-
BR No. : 21150563021500473338/31.08.2022

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ. ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020/SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.
സി.ഡിപി.ഒ നിർവഹണം നടത്തിയ അങ്കണവാടി ഹൈടെക്ക് ആക്കൽ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ/ ടോയ്സ് വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല. (2021-22, 2022-23 വർഷങ്ങളിൽ വാങ്ങിയത്)

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില (₹) | നികുതി ഉൾപ്പെടെ ആകെ വില (₹) |
|---|---|---|---|
| 1. | Speaker With MIC - It Includes Blutooth | 14 | 1,06,223.60 |

| | | | |
|---|---|---|---|
| | Connectivity , Pendrive Include Rhymes, USB, Wireless Etc | @6,430/- | |
| 2. | Digital Class Room IT Includes 32 Inch Full HD Smart TV With Activity Pendrive And SuppoRting Stand | 11<br>@19,500/- | 2,53,110.00 |
| 3. | HOLLOW TABLE – COLOURFULL AND ATTRACTIVE TABLE WITH MINIMUM L 135*CMW75" *H 20" WITH STRONG 4 LEGS FULLYHIEGHT DETACHABLE.ETC | 45<br>@3,790/- | 2,01,249.00 |
| 4. | BABY PLASTIC CHAIR- FULLY SINGLE MOULDED SOLID AND EXTRA STRONG Stackable With Mimnimum Legth | 340<br>@398 | 1,59,677.60 |
| 5. | COLOUR FULL SMOOTH ROCKER /RIDE ON FINE EDGES FOR CHILDREN SAFETY HIGH GRADE METERIAL | 2<br>@2,200/- | 4,928.00 |
| 6. | Multi Purpose Teaching And Artboard Is Made Up Of Good Quality Meterial | 15<br>@2,990/- | 50,232.00 |
| 7. | Multi Colour Slide. Fully Portable And Detachable Minimum Size 140 Cm Length , 46, Cm Width ,90 Cm Height. It Is Made Up Of High Grade Material Multi Colour | 4<br>@4,290/- | 19,219.20 |
| 8. | Ring Game Elephant Multi Color 4 Pc Ring And One Elephant | 15<br>@890/- | 14,952.00 |
| 9. | Mazi Eva Puzzle Play Mat – It Include Ato Z Mat And 1-to 10 Mat<br>36 In One Set | 15<br>@399/- | 6,703.20 |
| 10. | Mazi Eva Puzzle Play Mat – It Include Malayalam Alphebet<br>(60 In One Set) | 4<br>@590/- | 2,643.20 |
| 11. | Big Blocks Multicolor<br>16 Pc | 15<br>@990/- | 16,632.00 |
| 12. | Anganwadi Ground Floor Full Painting- Sky Blue Color | 15<br>@29,800/- | 5,00,640.00 |
| 13. | A-shape Teacher Student Multi Color | 4<br>@3,450/- | 16,284.00 |

| | | | |
|---|---|---|---|
| 14. | Indoor Multiactivity Wall Play Set – It Made Up Of Good Quality Wood And Long Lasting Child – Friendly | 4 @3,590/- | 16,083.20 |
| 15. | Storage Stand Child Friendly Attractive Light Wiet Multi Color Fully Detachable , Simply Portable Minimum 4 Step | 15 @4,590/- | 81,243.00 |
| 16. | Activity Traingle Traingle Shaped Zig Zag Rings With Beeds Multi Color .. | 4 @2,600/- | 11,648.00 |
| 17. | Adjustable Basket Ball Set- L 15 Inch W20 | 5 @1,400/- | 7,840.00 |
| 18 | Indoor Toy Bin – Child Friendly Toy Model | 15 @25,950/- | 30,621.00 |
| | ആകെ | | 14,99,929.00 |

അപാകതകൾ പരാമർശിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ-02/23.08.23)ക്ക് മറുപടിയായി തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.04.2023 ലെ EPA A3/192/2023-LSGD നമ്പർ കത്ത് പ്രകാരം അംഗനവാടികളുടെ ഇൻറ്റീരിയർ വർക്കുകൾ (സ.ഉ(പി)നം.77/2019/ഫിൻ തീയതി-04.07.2019 ലെ നിബന്ധനകൾ പാലിച്ച് കൊണ്ട്) ടെണ്ടർ കൂടാതെ ARTCOയെ ഏൽപ്പിക്കാവുന്നതാണ് എന്നറിയിച്ച് കൊണ്ടുള്ള കത്താണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ പ്രൊജക്റ്റ് പ്രകാരം ഇന്റീരിയർ വർക്കുകൾക്ക് പകരം ഫർണിച്ചർ/ ടോയ്സ് / ഇലക്ട്രോണിക്ക് ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുകളാണ് നടത്തിയിട്ടുള്ളത്. അപാകതകൾ സാധൂകരിക്കത്തക്ക ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

## 1-13 ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ-അപാകത

പ്രൊജക്റ്റ് : 49/2022-23(S.O) (ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ)
അടങ്കൽ : ₹23200/- (വികസന ഫണ്ട്-ജനറൽ
ചെലവ് : ₹22370/-
BRN No. : 22150563021500473287/31.08.2022
നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.പി.ഒ.

സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 7.1.4(2) പ്രകാരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് ഏറ്റെടുക്കാനാകുക. 2022-23 സാമ്പത്തിക വർഷത്തിൽ മുകളിൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ട്.

ഇത്തരം ഉപകരണങ്ങൾ ഒരേ ഗുണഭോക്താവിന് ആവർത്തിച്ച് നൽകുന്നത് ഒഴിവാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കുന്നതിന് മാർഗരേഖയിലെ ഖണ്ഡിക 7.1.3(4)ൽ നിർദേശിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം ശ്രീമതി. ഖദീജ ലുബൈബ (Standing Frame), ശ്രീ. ഖബ്ബാബ് ബീരാൻ(Voice Recorder), ശ്രീ. അലിക്കുട്ടി (Symes Prosthesis) എന്നിവരാണ് ഗുണഭോക്താക്കൾ. മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകളാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കുന്നത് എന്നതിനാൽ മേൽ ഗുണഭോക്താക്കളുടെ വിവരം അതാത് ഗ്രാമ പഞ്ചായത്തുകളുടെ രജിസ്റ്ററിൽ ചേർത്തു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച്

നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-03/23.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അപാകതക്ക് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 1-14 വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ സബ്സിഡി നൽകിയതിലെ അപാകത

പ്രോജക്ട് നം : 135/2022-23 (വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ സബ്സിഡി)

അടങ്കൽ : 1500000/- രൂപ ( വികസന ഫണ്ട് ജനറൽ)

ചെലവ് : 664942/- രൂപ ( വികസന ഫണ്ട് ജനറൽ)

BRN : 2215056302250118740 8/14.02.2023(375000), 221505630225015O4729/27.03.2023 ( 289942)

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള രണ്ട് സ്ത്രീ സംരംഭക ഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ബാങ്ക് ലിങ്ക്ഡ് പ്രോജക്റ്റ് ആയിട്ടാണ് പദ്ധതികൾ ചെയ്തിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സംരംഭക ഗ്രൂപ്പിന്റെ പേര് | സബ്സിഡി തുക (രൂപ) |
|---|---|
| പുല്ലൂർ ഹെൽപ്പ് ഡെസ്ക് (ഹെൽപ്പ് ഡെസ്ക് & ബുക്ക് സ്റ്റാൾ) | 375000/- |
| നന്ദനം (മൺപാത്ര നിർമ്മാണം) | 289946/- |

(A)പ്രോജക്ടുമായി ബന്ധപ്പെട്ട് പുല്ലൂർ ഹെൽപ്പ് ഡെസ്കിന് സബ്സിഡി അനുവദിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1).സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള ത.സ്വ.സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതിനാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പുല്ലൂർ ഹെൽപ്പ് ഡെസ്ക് (ഹെൽപ്പ് ഡെസ്ക് & ബുക്ക് സ്റ്റാൾ) ഗ്രൂപ്പിന് ഇതേ ആവശ്യത്തിന് സബ്സിഡി അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2).ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3).സബ്സി.ഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 2.7 പ്രകാരം ഗുണഭോക്താവ് നേരിട്ടാണ് ആസ്തികൾ വാങ്ങുന്നത് എങ്കിലും ആസ്തിയുടെ അനുയോജ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ആസ്തികൾ വാങ്ങിയതിന്റെയോ, സ്ഥാപിച്ചതിന്റെയോ രേഖകൾ ഫയലിൽ ഇല്ല.

4).പദ്ധതി മാർഗരേഖ (സ.ഉ(കൈ)നം.84/2022ത.സ്വ.ഭ.വ തീയതി.19.04.2022) ഖണ്ഡിക 13(1) പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(B)പ്രോജക്ടുമായി ബന്ധപ്പെട്ട് നന്ദനം മൺപാത്ര നിർമ്മാണ യൂണിറ്റ് പുറത്തൂരിന് സബ്സിഡി അനുവദിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1).സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള ത.സ്വ.സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതിനാൽ പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും നന്ദനം മൺപാത്ര നിർമ്മാണ യൂണിറ്റിന് ഇതേ ആവശ്യത്തിന് സബ്സിഡി അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2).സബ്സി.ഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 2.7 പ്രകാരം ഗുണഭോക്താവ് നേരിട്ടാണ് ആസ്തികൾ വാങ്ങുന്നത് എങ്കിലും ആസ്തിയുടെ അനുയോജ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ആസ്തികൾ വാങ്ങിയതിന്റെയോ, സ്ഥാപിച്ചതിന്റെയോ രേഖകൾ ഫയലിൽ ഇല്ല.

3). സബ്സിഡി മാർഗരേഖ 6.5.2 (എ) 7. പ്രകാരം സംരംഭം വായ്പ ബന്ധിതമാണെങ്കിൽ വായ്പ ലഭിച്ച മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വായ്പ ബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.

നന്ദനം മൺപാത്ര നിർമ്മാണ യൂണിറ്റ് ഉടങ്ങുന്നതിന് കണക്കാക്കിയിട്ടുള്ള ആകെ തുകയായ 386590/- രൂപയിൽ 19330/- രൂപ ഗ്രൂപ്പ് സ്വയം മുടക്കുന്നതാണ്. കേരള ഗ്രാമീൺ ബാങ്ക് പുറത്തൂർ ബ്രാഞ്ച് മാനേജരുടെ 27.03.2023 ലെ കത്ത് പ്രകാരം 367261/- രൂപയാണ് ലോൺ അനുവദിച്ചിട്ടുള്ളത്.

എന്നാൽ 386590/- ലോൺ ലഭിച്ചതായി കണക്കാക്കി ആയതിന്റെ 75% (289942/- രൂപ ) സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ 19330/- രൂപ സംരംഭത്തിന്റെ ആവശ്യത്തിലേക്കായി ഉപയോഗിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തിയിട്ടില്ല.

4).പദ്ധതി മാർഗരേഖ (സ.ഉ(കൈ)നം.84/2022ത.സ്വ.ഭ.വ തീയതി.19.04.2022) ഖണ്ഡിക 13(1) പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ-04/23.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്റ്റാർട്ടപ്പ് വില്ലേജിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ-സർക്കാർ നിർദേശം പാലിച്ചിട്ടില്ല.

പ്രോജക്ട് നം : 51/2022-23(S.O) (സ്റ്റാർട്ടപ്പ് വില്ലേജ്)

അടങ്കൽ : 700000/- രൂപ ( വികസന ഫണ്ട് ജനറൽ)

ചെലവ് : 670820/- രൂപ ( വികസന ഫണ്ട് ജനറൽ)

BRN : 221505630225001 89184/10.06.2022(16935), 221505630225003 57435/27.07.2022(620934)
221505630225003 57435/27.07.2022(12601), 221505630225006 68201/29.08.2022(14980),
221505630225011 45974/06.02.2023(5370)

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം സ്റ്റാർട്ടപ്പ് വില്ലേജിലേക്ക് ഫർണിച്ചറുകൾ വാങ്ങലും, ഇന്റീരിയർ വർക്കമാണ് ചെയ്തിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ (64/2021-22) തുടങ്ങിയ പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി പൂർത്തീകരിക്കുയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ മുഖേന ചോയിസ് ഫർണിച്ചർ ഇൻഡസ്ട്രീസ് കടലുണ്ടി എന്ന സ്ഥാപനത്തിൽ നിന്നും 620934/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. മേൽ കാരണങ്ങളാൽ വാങ്ങൽ നടപടികളിൽ സർക്കാർ നിർദേശം പാലിച്ചിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-07/25.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത

മെഡിക്കൽ ഓഫീസർ വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ മരുന്ന് വാങ്ങലുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

I ) പ്രോജക്ട് നം : 02/2022-23 (വെട്ടം, പുറത്തൂർ സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ )
അടങ്കൽ : 750000/-രൂപ (വികസന ഫണ്ട്(ജനറൽ)-250000, മെയിന്റെനൻസ് ഫണ്ട് നോൺ റോഡ്-5,00,000/- രൂപ)
ചെലവ് : 749751/- രൂപ (വികസന ഫണ്ട്(ജനറൽ)-250000, മെയിന്റെനൻസ് ഫണ്ട് നോൺ റോഡ്-499751)

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി പ്രകാരം 749751/- രൂപ ചെലവഴിച്ച് സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി- 28.05.2022 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക നം.7.6.4 (I) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്ന് ലഭിക്കാൻ താമസം നേരിട്ടാൽ മാത്രമേ സപ്ലൈകോ, കാരുണ്യ, മാവേലിസ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നോ മരുന്ന് വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം 224219/-രൂപയുടെ ഒഴികെ മുഴുവൻ മരുന്നുകളും ഇത്തരം ഔട്ട് ലറ്റുകൾ വഴിയാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| BRN | തുക | മരുന്ന് വാങ്ങിയ ഔട്ട് ലറ്റ് |
|---|---|---|
| 22150563021600388785/05.08.2022 | 18808 | Supplyco |
| 22150563021600388790/05.08.2022 | 54849 | Karunnya |
| 22150563021600528810/03.09.2022 | 50728 | Supplyco |
| 22150563021600573230/24.09.2022 | 21831 | Supplyco |
| 22150563021600744242/07.11.2022 | 2557 | Supplyco |
| 22150563021600869324/06.12.2022 | 16170 | Supplyco |
| 22150563021600885721/09.12.2022 | 224219 | KMCL |
| 22150563021600950023/23.12.2022 | 51310 | Karunnya |
| 22150563021601268911/01.03.2023 | 21866 | Supplyco |
| | 24997 | Karunnya |
| 22150563021601424709/21.03.2023 | 12416 | Supplyco |
| 22150563021601459847/24.03.2023 | 99999 | Supplyco |
| | 150001 | Karunnya |
| ആകെ | 749751 | |

പരിരക്ഷ പോലെയുള്ള ആവശ്യങ്ങൾക്കല്ലാതെ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പുറത്തുള്ള ഏജൻസികളിൽ മരുന്ന് വാങ്ങാനുണ്ടായ സാഹചര്യം സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കൂടാതെ പ്രൊജക്ട് നിർവ്വഹണത്തിന്റെഭാഗമായി, മരുന്ന് വാങ്ങുന്നതിന് നൽകിയ 224219/-(Proforma Invoice PRF2452/22.11.2022-124219/ -രൂപ, PRF 2365/ 18.11.2022 – 100000/- രൂപ) രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

li)പ്രോജക്ട് നമ്പർ.34/2022-23 (പരിരക്ഷ)

അടങ്കൽ-1679820 ( വികസന ഫണ്ട് ജനറൽ)

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മരുന്ന് വാങ്ങുന്നതിന് 307490/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിരുന്നു (BRN-22150563021601402642/18.03.2023, Proforma Invoice PRF5158/ 10.03.2023), എന്നാൽ ഈ തുകക്കുള്ള മരുന്നുകൾ ലഭ്യമായയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ-08/25.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് സാധൂകരിക്കത്തക്ക മറുപടി ലഭ്യമാക്കേണ്ടതും മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സി.ബി.സി മെഷീൻ വാങ്ങൽ-അധിക തുക നൽകിയത് തിരികെ ലഭിച്ചിട്ടില്ല.

പ്രോജക്ട് നം : 134/2022-23 (പുറത്തൂർ സി.എച്ച്.സി ക്ക് സി.ബി.സി മെഷീൻ വാങ്ങൽ)

അടങ്കൽ : 350000/- രൂപ (വികസന ഫണ്ട്-ജനറൽ)

ചെലവ് : 348478/- രൂപ ( വികസന ഫണ്ട്-ജനറൽ)

BRN : 22150563021601383712/17.03.2023

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പുറത്തൂർ സി.എച്ച്.സി ക്ക്, സി.ബി.സി മെഷീൻ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 13.03.2023 ലെ പ്രൊഫോർമ ഇൻവോയിസ് 225/2022-2023 പ്രകാരം 348478/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണം വിതരണം ചെയ്ത Lab X തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ 09.05.2023 ലെ BB/1122 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം ഉപകരണത്തിന്റെ വില 325680/-രൂപയാണ്.
കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അധികമായി നൽകിയ 22798/-രൂപ തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ-04/23.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പണം തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ 22798/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ

28.05.2022 ലെ സ.ഉ.(കൈ)നം. 115/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നം.7.2.13 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിൽ കൂടുതൽ ഇല്ലാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടിയിൽ കൂടാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ് ധനസഹായ തുക 2 ലക്ഷം രൂപ. 50000/- രൂപ മുൻകൂറായും ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായും തുടർന്നുള്ള ധനസഹായവും അനുവദിക്കേണ്ടതാണ്.

2022-23 വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറിയുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകളിൽ മേൽ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ തുക അനുവദിച്ചിട്ടുണ്ട്. വിവിധ പ്രോജക്ടുകളിൽ നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുമുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രോജക്ട് നം. 46 /23 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)

അടങ്കൽ – 9,00000 (SCP)

ചെലവ് തുക – 7,50,000 (SCP)

ബിൽ നമ്പർ/തീയതി- 22150563021300103461/16.05.2022 ₹75,000/-

22150563021300112764/18.05.2022 ₹2,25,000/-

22150563021300467077/27.08.2022 ₹75,000/-

22150563021300467080/27.08.2022 ₹75,000/-

22150563021300643329/13.10.2022 ₹ 75,000/-

22150563021300962672/27.12.2022 ₹75000/-

22150563021301037558/9.01.2023 ₹ 75,000/-

22150563021301107636/28.01.2023 ₹ 75,000/-

2022-23 സാമ്പത്തിക വർഷം 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിൽ 4 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് തുക മുഴുവനും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ലാതെയാണ് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചിട്ടുള്ളത്. പഠന മുറിയുടെ നിർമ്മാണം പൂർത്തികരിച്ചതിന്റെ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി.ഷിജ. കെ. കുന്നങ്ങൽ (വിദ്യാർത്ഥി- നേഹ ) | 200000 |
| 2 | ശ്രീമതി.ലിസി. പൂരം വീട്ടിൽ (വിദ്യാർത്ഥിനി- ജ്യോത്സന) | 200000 |
| 3 | ശ്രീ.സുകു. പള്ളിപറമ്പിൽ (വിദ്യാർത്ഥിനി- നന്ദന) | 200000 |
| 4 | ശ്രീ.രാമൻ വി.പി. ,വാത്തി പടിക്കൽ(വിദ്യാർത്ഥി- ഹർഷൻ) | 200000 |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തീയതിവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അവസാനമായി കൈപ്പറ്റിയ തുക /തീയതി. | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീ.അരുൺ.പി. പൂന്തോട്ടത്തിൽ (വിദ്യാർത്ഥി- ജിതിൻ.പി) | 75000/27.12.2022 | 125000 |
| 2 | ശ്രീ.വേലായുധൻ, പാലപ്പാടത്ത് (വിദ്യാർത്ഥിനി- വർഷ) | 75000/27.01.2023 | 125000 |

2) പ്രോജക്ട് നം . 75/23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ – 14,00000(SCP)

ചെലവ് തുക – 14,00,000 (SCP)

ബിൽ നമ്പർ/തീയതി- 22150563021300958519/26.12.2022 ₹50,000/-

22150563021301190080/15.02.2023 ₹50,000/-

22150563021301195397/15.02.2023 ₹1,00000/-

22150563021301306622/07.03.2023 ₹75,000/-

22150563021301335746/13.03.2023 ₹ 2,00000/-

22150563021301424628/21.03.2023 ₹2,25000/-

22150563021301535547/31.03.2023 ₹ 7,00000/-

2022-23 സാമ്പത്തിക വർഷം 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിൽ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് തുക മുഴുവനും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ലാതെയാണ് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുട്ടുള്ളത്. പഠന മുറിയുടെ നിർമ്മാണം പൂർത്തികരിച്ചതിന്റെ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ.ഷൺമുഖൻ.എ.കെ. അച്ചാംകളത്തിൽ (വിദ്യാർത്ഥി- സിദ്ധാർത്ഥ് ) | 200000 |
| 2 | ശ്രീ.മനോജ്. എം.എൻ., മോടൻ നമ്പ്രത്ത്(വിദ്യാർത്ഥിനി- അർച്ചന) | 200000 |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ 31.03.2023 ന് മുമ്പായി പഠനമുറി നിർമ്മാണം പൂർത്തിയാക്കും എന്ന് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അവസാനമായി കൈപ്പറ്റിയ തുക /തീയതി. | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീ.ഷാജി. കെ.പി., കോല്യപറമ്പിൽ (വിദ്യാർത്ഥിനി-അർച്ചന) | 75000/21.03.2023 | 125000 |
| 2 | ശ്രീ.കൃഷ്ണൻ.എ.പി. അഴകത്തി പറമ്പിൽ (വിദ്യാർത്ഥി-അഭിജിത്ത് എ.പി.) | 75000/10.03.2023 | 125000 |
| 3 | ശ്രീമതി. ശ്രീകല, ചറക്കൻതറയിൽ (വിദ്യാർത്ഥി-സഞ്ജയ്. സി.ടി.) | 75000/31.03.2023 | 125000 |
| 4 | ശ്രീമതി. ബിനിമോൾ.കെ.പി. പുത്താനി പറമ്പിൽ ( വിദ്യാർത്ഥി-അശ്വിൻ. പി.പി. | 75000/31.03.2023 | 125000 |
| 5 | ശ്രീ. പ്രകാശൻ, മരവെട്ടാം നമ്പ്രത്ത് ( വിദ്യാർത്ഥി-പ്രജീഷ്. എം.എൻ) | 75000/31.03.2023 | 125000 |
| 6 | ശ്രീ. മോഹൻദാസ്. പി. പഴന്നയിൽ ( വിദ്യാർത്ഥി-ശബരീദാസ്. പി.) | 75000/31.03.2023 | 125000 |
| 7 | ശ്രീമതി. അജിത , കീഴേപാടം തറയിൽ ( വിദ്യാർത്ഥി-ഹരീഷ്. കെ.ടി) | 25000/31.03.2023 | 75000 |
| 8 | ശ്രീ. മണികണ്ഠൻ, മുല്ലപ്പള്ളി (വിദ്യാർത്ഥി-അതുൽ കൃഷ്ണ. എം.പി.) | 75000/31.03.2023 | 125000 |
| 9 | ശ്രീ. നീലകണ്ഠൻ. പറമ്പ വീട്ടുവളപ്പിൽ (വിദ്യാർത്ഥി-സുനിൽകുമാർ .പി.വി) | 75000/10.07.2023 | 125000 |
| 10 | ശ്രീ. അറുമുഖൻ, ഉള്ളാതൊടിയിൽ ( വിദ്യാർത്ഥി-അമല്യ. യു.) | 50000/31.03.2023 | 50000 |
| 11 | ശ്രീ. ചന്ദ്രൻ. എ.കെ, അമ്പിളിയാംകുന്നത്ത് (വിദ്യാർത്ഥിനി-സാന്ദ്രാ ചന്ദ്രൻ) | 50000/31.03.2023 | 50000 |
| 12 | ശ്രീമതി. സജിത. എ.പി. അച്ചിക്കുളത്ത് (വിദ്യാർത്ഥി-ശബരി. എ.പി.) | 50000/31.03.2023 | 50000 |

3) പ്രോജക്റ്റ് നം . 77/23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി( വനിതാ ഘടക പദ്ധതി)
അടങ്കൽ – 10,00000(SCP)
ചെലവ് തുക – 10,00,000 (SCP)
ബിൽ നമ്പർ/തീയതി- 22150563021301190672/15.02.2023 ₹50,000/-

22150563021301484756/26.03.2023 ₹3,75,000/-

22150563021301424726/21.03.2023 ₹75,000/-

22150563021301157634/24.01.2023 ₹ 1,00000/-

22150563021301151599/31.03.2023 ₹2,00000/-

22150563021301424385/21.03.2023 ₹ 1,50,000/-

22150563021301335736/13.03.2023 ₹ 50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അവസാനമായി കൈപ്പറ്റിയ തുക /തീയതി. | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീ.അരുൺ.പി. പൂന്തോട്ടത്തിൽ (വിദ്യാർത്ഥി- ജിതിൻ.പി) | 75000/27.12.2022 | 125000 |
| 2 | ശ്രീ.വേലായുധൻ, പാലപ്പാടത്ത് (വിദ്യാർത്ഥിനി- വർഷ) | 75000/27.01.2023 | 125000 |

2022-23 സാമ്പത്തിക വർഷം 11 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിൽ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് തുക മുഴുവനും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ലാതെയാണ് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുട്ടുള്ളത്. പഠന മുറിയുടെ നിർമ്മാണം പൂർത്തികരിച്ചതിന്റെ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീമതി. ഷീജ.കെ.പി. കളത്തിപറമ്പിൽ (വിദ്യാർത്ഥിനി- ഷിംല) | 200000 |
| 2 | ശ്രീമതി. റിജു. പുത്തൻ പുരക്കൽ (വിദ്യാർത്ഥിനി- സ്നേഹ. പി.പി) | 200000 |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ 31.03.2023 ന് മുമ്പായി പഠനമുറി നിർമ്മാണം പൂർത്തിയാക്കും എന്ന് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അവസാനമായി കൈപ്പറ്റിയ തുക /തീയതി. | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീമതി. ശോഭന.കെ. | 75000/21.03.2023 | 125000 |

| | | | |
|---|---|---|---|
| | കാപ്പാട്ടകത്ത് (വിദ്യാർത്ഥിനി-നയന) | | |
| 2 | ശ്രീമതി.രജനി, വൈശ്യംകണ്ടി (വിദ്യാർത്ഥിനി-ശാരിക) | 75000/31.03.2023 | 125000 |
| 3 | ശ്രീമതി. ഷീല, മുള്ളുങ്ങൻ തറയിൽ (വിദ്യാർത്ഥിനി-മഞ്ജുഷ.എം.ടി.) | 50000/31.03.2023 | 50000 |
| 4 | ശ്രീമതി. ബിനിഷ .എം. | 75000/26.03.2023 | 125000 |
| 5 | ശ്രീമതി. ബിന്ദു.കെ.പി. ( വിദ്യാർത്ഥിനി-അഞ്ജന കെ.പി) | 50000/31.03.2023 | 100000 |
| 6 | ശ്രീമതി. സതി.പി., പട്ടുത്തൂർ ( വിദ്യാർത്ഥിനി-മാളവിക.പി) | 75000/26.03.2023 | 125000 |
| 7 | ശ്രീമതി.ഷിജ.കെ.പി. കുറ്റിപറമ്പത്ത് (വിദ്യാർത്ഥിനി-അഞ്ജന കൃഷ്ണ.കെ.പി) | 50000/31.03.2023 | 50000 |
| 8 | ശ്രീമതി.ശ്രീലത, എറവക്കാട് (വിദ്യാർത്ഥിനി-വിനയ.ഇ) | 75000/26.03.2023 | 125000 |
| 9 | ശ്രീമതി. ശോഭന.കെ, കാപ്പാടകത്തി (വിദ്യാർത്ഥിനി-നയന.കെ) | 75000/10.07.2023 | 125000 |

ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ തുകയുടെ രണ്ടും മൂന്നും ഗഡുക്കൾ മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ചതിനും ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 20/2022-23 തീയതി.01.09.2023, 21/2022-23 തീയതി.01.09.2023, 22/2022-23 തീയതി.01.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി/ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 അഗതി രഹിത കേരളം പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല. 1,00,000/- രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റ വിഹിതമിനത്തിൽ തലക്കാട്, പുറത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് 1,00,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ തലക്കാട് ഗ്രാമ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിലും പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പുറത്തൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ചെലവ് തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിശദാശങ്ങൾ | സ്ഥാപനം | തുക | ബിൽ നം/തീ. |
|---|---|---|---|
| പ്രോജക്ട് നം.63/23- അഗതി രഹിത കേരളം- ഫണ്ട് -വികസന ഫണ്ട് (G) | പുറത്തൂർ ഗ്രാമ പഞ്ചായത്ത് | 1,00,000 | 169/16.12.22 |

വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/2022-23/01.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 1,00000/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി- ഫോം വർക്ക് ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാരന് അധികം നൽകിയത് 20,105 രൂപ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി (S0017/23) എന്ന പ്രൊജക്റ്റിൽ ഇനം 3 പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയതിന് Mord-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻടിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 26.08.2022-ന് പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻടിംഗ് & ഷെട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ മേൽ പ്രവൃത്തിക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. തെറ്റായി നിരക്ക് അനുവദിച്ചത് മൂലം 20,105/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 13,00,000/11,73,184 (വികസന ഫണ്ട് (SCP) | |
| ടി എസ് | 69770/31.12.2021 (Cost Index 36.44%) | |
| Est. No | 2021/103301 | |
| കരാർ | 20/AE/2.03.22 (E Tender) | |
| എം ബുക്ക് | 59/21-22 | |
| BRN | 22150563022700694548/27.10.22 | |
| കരാറുകാരൻ | വള്ളിയൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 466751.26 (67.57$m^3$*6907.67) (8358.28/m3 -17.3554% (Tender | 448799.94 (67.57$m^3$*6642) (8036.83/m3 -17.3554% (Tender Below) = 6642) | 20,105 [17951.32 + 12 GST] |

| | | | |
|---|---|---|---|
| | Below)= 6907.67) | | |

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് അധികം നൽകിയ 20,105 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18/26.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 20,105 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-21 ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ - തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി - കരാറുകാരന് അധികം നൽകിയത് - 14,051 രൂപ

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR SOR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ റോഡ്/റോഡ് അനുബന്ധ പ്രവൃത്തികളല്ലാത്ത താഴെ പരാമർശിക്കുന്ന പ്രവൃത്തിക്ക് MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. MORD SOR പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് DSR SOR നെക്കാൾ അധികരിക്കുന്നത് കാരണം വിവിധ ഇനം പ്രവൃത്തികൾക്ക് അധികച്ചെലവ് അനുവദിക്കാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ ( SO016/23)

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക (DSR) | അധികം |
|---|---|---|---|---|
| TS- 17003/ 1.8.21 - 500000 (31.06% CI) ഫണ്ട്: ധനകാര്യ കമ്മീഷൻ ഗ്രാന്റ് M Book - 45/21-22 കരാറുകാരൻ- ശ്രീ. സലീം.P കരാർ – 18/AE/28.01.22 ( Tender Below-1.20%) മൂല്യ നിർണ്ണയം- 493675 ചെലവ് - 493675 Vr-XVFC/22-23 /P/41/12.5.22-493675 | Excavation In Cutting In Soil By Manual Means 44.29 $M^3$ | 10121.15 @228.52/$m^3$ (MORD 3.5.1) | 9658.76 @218.08/$m^3$ (2.8.1) | 462.39 |
| | Dry Rubble Masonry Without Concrete Levelling Course 137.907 $M^3$ | 361381.16 2620.47/m | 346895.40 2515.43/$m^3$ | 14485.76 |
| | സിമന്റ് കോൺക്രീറ്റ് 1:2:4 6.266 $M^3$ | 49138.47 @7842.08/$m^3$ | 45018.95 @7184.64/$m^3$ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക് | 4119.52 |
| | സെന്ററിങ് 2*125.3*0.10=25.06$m^2$ | 0 | @254.19/m2 DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക് | -6370(25.06 M2 254.19/m2) |

| | |
|---|---|
| അധികം നൽകിയത്. | 14,051<br>(12697.67-1.20(Tender Below)+12% GST) |

തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയ 14,051 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19/26.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 14,051 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല - നഷ്ടം 10979 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയിലെ കരാറുകാരനുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നിട്ടും പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് യാതൊരു പിഴയും ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ച കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>പ്രവൃത്തി</th><th>സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്</th><th>പൂർത്തീകരണ കാലാവധി</th><th>പൂർത്തീകരിച്ചത്</th><th>ഈടാക്കേണ്ട പിഴ</th></tr>
<tr>
<td>മേടപ്പറമ്പ് കുടിവെള്ള പദ്ധതി<br>പ്രോജക്റ്റ് നമ്പർ - SO020/23<br>ഫണ്ട് - CFC<br>Vr- XVFC/2022-23 /23/P/79 /24.3.23<br>കരാറുകാരൻ - ബാലകൃഷ്ണൻ.T<br>അളവ് പുസ്തകം - 8,51,71/21-22<br>കരാർ - 17/ 27.1.22<br>കരാർ തുക - 851789.56<br>Duration - 9 മാസം (As Per TS Slip)</td>
<td>27.1.22</td>
<td>26.10.22 വരെ<br>(9 മാസം)</td>
<td><table>
<tr><th>പ്രവൃത്തി</th><th>സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്</th><th>പൂർത്തീകരണ കാലാവധി</th><th>പൂർത്തീകരിച്ചത്</th><th>ഈടാക്കേണ്ട പിഴ</th></tr>
<tr><td>മേടപ്പറമ്പ് കുടിവെള്ള പദ്ധതി<br>പ്രോജക്റ്റ് നമ്പർ - SO020/23<br>ഫണ്ട് - CFC<br>Vr- XVFC/2022-23 /23/P/79 /24.3.23<br>കരാറുകാരൻ - ബാലകൃഷ്ണൻ.T<br>അളവ് പുസ്തകം - 8,51,71/21-22<br>കരാർ - 17/ 27.1.22<br>കരാർ തുക - 851789.56<br>Duration - 9</td>
<td>27.1.22</td>
<td>26.10.22 വരെ<br>(9 മാസം)</td>
<td>8.2.23</td>
<td>10979<br>27.10.22 മുതൽ 26.1.23 വരെ<br>(1 % Of PAC)<br>8518<br>27.1.23 മുതൽ 8.2.23 വരെ 13 ദിവസം<br>(2 % Of PAC)<br>2461<br>(17036x13/90)</td></tr>
</table></td>
<td>10979<br>27.10.22 മുതൽ 26.1.23 വരെ<br>(1 % Of PAC)<br>8518<br>27.1.23 മുതൽ 8.2.23 വരെ 13 ദിവസം<br>(2 % Of PAC)<br>2461<br>(17036x13/90)</td>
</tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മാസം (As Per TS Slip) | | | | |

പ്രവൃത്തിയിൽ നിന്നും പിഴ ഈടാക്കാതെ പേമെന്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25.8.23) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 10979 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

8.2.23

പിഴ ഈടാക്കാതെ പേമെന്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25.8.23) മറുപടി ലഭ്യമാക്കിയില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 10979/- രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ-കരാറുകാരന് അധികം നൽകിയത് 7082 രൂപ – മറ്റ് അപാകതകൾ

പ്രോജക്ക് - S0026/23

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ - 22150852036401365129/15.3.23 -656416

എം. ബുക്ക് - 54/21-22

കരാർ - 27/AE/21.4.22 (Estimate Rate)

മൂല്യനിർണ്ണയം - 656416

കരാറുകാരൻ - P.ബാലൻ

Cost Index -36.44% (DSoR 2018)

Esti. No.- 2022 / 7064

TS- 90651/19.2.22

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രവൃത്തി 26.8.23 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. പ്രവൃത്തിയിൽ റൂഫിംഗ് ഷീറ്റ് ഇടുന്നതിന്റെ ഭാഗമായി ഇനം 1 പ്രകാരം ചെയ്തിട്ടുള്ള GI പൈപ്പുകൾ കൊണ്ടുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിക്കാവുന്നത് MS പൈപ്പ് കൊണ്ടുള്ള പ്രവൃത്തികൾക്കാണ്)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 362.047 Kg X 169.87/kg = 61500 | 362.047 Kg X 153.29/kg = 55498.18 | 7082<br>(6001.82+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 7082 രൂപ

2. ഇനം 26 പ്രകാരം സ്കൂളിൽ 5 വാട്ടർ പ്യൂരിഫയർ (16 Litre) വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ഒന്നിന് 17,770.95 രൂപ വച്ച് (Observed Data) 88,854.75 രൂപ അനുവദിച്ചിട്ടുണ്ട്. RO+UV സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വാട്ടർ പ്യൂരിഫയറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ UV സ്പെസിഫിക്കേഷൻ മാത്രമുള്ള വാട്ടർ പ്യൂരിഫയറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ തുക തിരിച്ച് ഈടാക്കേണ്ടതാണ്.

3. GO(P).No.7/2019/SPD Dtd.26.4.2019 ഉത്തരവ് പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM

മുഖേന മാത്രമേ വാങ്ങാവൂ. ആയത് ഇവിടെ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 23/1.9.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 7082 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ച ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക കണക്കാക്കി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ വാട്ടർ പ്യൂരിഫയറിന് അനുവദിച്ച തുക 88,854/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 അസി.എക്സി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 105547 രൂപ

അസി.എക്സി.എഞ്ചിനീയറുടെ പേരിൽ തിരൂർ SBI ശാഖയിൽ ഉള്ള 38593000842 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 75947 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ മേൽ അക്കൗണ്ടിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസി.എക്സി. എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AEE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. (ബാങ്ക് അക്കൗണ്ടിൽ 14.4.23 ന് 105547 രൂപ നീക്കിയിരിപ്പുണ്ട്.) ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കുന്നതിന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.24/1.9.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ മേൽ തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് പരിശോധിച്ച് കൃത്യത വരുത്തി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുകയും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ട തുകയാണെങ്കിൽ ആയത് അടവാക്കിയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കേണ്ടതുമാണ്.

## 1-25 അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല.

അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ഇനത്തിൽ ശ്രീ.ചട്ടിക്കൽ വിശ്വനാഥൻ എന്നവർക്ക് താഴെ പറയും പ്രകാരം ആകെ 152973/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട് (പ്രോജക്ട് നമ്പർ -96/23) . AEE/LSGD/TIR/03/22-23 Dtd 27.10.2022 നമ്പർ കരാർ പ്രകാരം 29800 രൂപ മാസ വാടകക്കാണ് വാഹനം (KL55 AC-1921, Maruthi-S-PRESSO) എടുത്തിരിക്കുന്നത്. Income Tax Act 1961, Sec.194C പ്രകാരം സാമ്പത്തിക വർഷം Transportation Contract ഇനത്തിൽ അനുവദിക്കുന്ന തുക 30,000 രൂപക്ക് മുകളിലോ (Single Payment) ,ഒരു വർഷത്തിൽ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിലോ വരുന്നുണ്ടെങ്കിൽ 194C പ്രകാരമുള്ള നികുതി അടക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ് (Transportation Contract). അനുവദിക്കുന്ന ബിൽ തുകയിൽ നിന്നും 1%, TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. ആയത് ഇവിടെ പാലിച്ചിട്ടില്ല.

| തിയ്യതി | അനുവദിച്ച തുക |
|---|---|
| 22200446/6.12.22 | 33773 |
| 22200502/16.1.23 | 29800 |
| 22200527/8.2.23 | 29800 |
| 22200586/15.3.23 | 29800 |
| 22300046/31.3.23 | 29800 |
| ആകെ | 152973 |

ഈടാക്കേണ്ട ആദായ നികുതി - 1530 രൂപ

TDS ഈടാക്കാതിരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/2.9.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1530 രൂപ ആദായ നികുതി വകുപ്പിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-26 ബ്ലോക്ക് പഞ്ചായത്തിൽ ബയോ മെടിക് പഞ്ചിംഗ് സിസ്റ്റം- ₹ 26,877/- മുൻകൂർ തുക നൽകി . പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 137/23 ബ്ലോക്ക് പഞ്ചായത്തിൽ ബയോ മെടിക് പഞ്ചിംഗ് സിസ്റ്റം
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ-1,00,000 വികസന ഫണ്ട് പൊതു വിഭാഗം
ബിൽ നമ്പർ - 221505000000026415/29.03.2023-₹ 26,877/-

ഗ്രാമ വികസന കമ്മീഷണറുടെ 10.03.2023ലെ 4317/പി.എം.2/2022/സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം 19.04.2022 ലെ സ.ഉ.(കൈ) നം 84/2022/ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 5.1(11) ന്റെ അടിസ്ഥാനത്തിൽ AEBAS സംവിധാനം സ്ഥാപിക്കുന്നതിന് ജനറൽ പർപ്പസ് ഫണ്ട്/തനത് ഫണ്ടി ൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി അംഗീകാരം ലഭ്യമാക്കാനും, ആധാർ അധിഷ്ഠിത പഞ്ചിംഗ് മെഷീൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് 53754/- രൂപ നിശ്ചയിച്ച് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ചെലവ് തുകയുടെ 50% മുൻകൂറായും, ഇൻസ്റ്റലേഷൻ പൂർത്തിയായാൽ 40% തുകയും , സ്പാർക്കുമായി ബന്ധിപ്പിച്ച ശേഷം 10% തുകയും കെൽട്രോണിന്റെ 10183255263 അക്കൗണ്ടിലേക്ക്(തിരുവനന്തപുരം) അടവാക്കാനും പ്രവൃത്തി 31.03.2023 ന് മുമ്പായി പൂർത്തീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം 26,877/- രൂപ മുൻകൂർ ഇനത്തിൽ അടവാക്കി.

ഗ്രാമ വികസന കമ്മീഷണറുടെ മേൽ കത്തിൽ പദ്ധതിയ്ക്കുള്ള ചെലവ് ജനറൽ പർപ്പസ് ഫണ്ട്/തനത് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ പദ്ധതിയ്ക്ക് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തിയിട്ടുള്ളത്. ആയതിന് വിശദീകരണവും ബയോ മെടിക് പഞ്ചിംഗ് മെഷീൻ സിസ്റ്റം സ്ഥാപിക്കുന്നതിന്റെ നിലവിലെ പുരോഗതി വിവരവും അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14/2022-23 തീയതി. 25.08.2023) നൽകിയ മറുപടിയിൽ 2023 സെപ്റ്റംബർ മാസത്തിൽ തന്നെ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും 2021-22ൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവിന് ആനുപാതികമായി മാത്രമെ 2022-23 ൽ തനത് ഫണ്ട് വകയിരുത്തി പദ്ധതി ഏറ്റെടുക്കാൻ കഴിയുമായിരുന്നുള്ളൂ എന്നും നിശ്ചിത ശതമാനത്തിൽ കൂടുതൽ പദ്ധതിയ്ക്ക് നീക്കിവെക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ആവശ്യമായിരുന്നു എന്നും അടിയന്തിര സാഹചര്യത്തിൽ പദ്ധതി രൂപീകരിച്ചപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടും എന്നതിനാലാണ് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും തുക നീക്കിവെച്ചതെന്നും വാർഷിക പദ്ധതികളുടെ ഭാഗമല്ലാതെയുള്ള അടിയന്തിര പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി ഉണ്ടായിരുന്നെങ്കിലും ആയതിനുള്ള ക്രമീകരണങ്ങൾ സുലേഖ സേഫ്റ്റ് വെയറിൽ ലഭ്യമായിരുന്നില്ലെന്നും കെൽട്രോണിന് അനുവദിക്കാനുള്ള ബാക്കി തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

വാർഷിക പദ്ധതികളുടെ ഭാഗമല്ലാതെയുള്ള അടിയന്തിര പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പദ്ധതിയ്ക്ക് തുക വകയിരുത്തുന്നതിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 പി.എം.എ.വൈ. ഭവന നിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹിച്ച PMAY പദ്ധതികൾ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതു വരെ ആയി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | ഗ്രാമ പഞ്ചായത്ത് | ആദ്യ ഗഡു കൈപ്പറ്റിയ തിയ്യതി | നാളിതു വരെയായി കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സീമ.കെ.ടി. അമ്മാട്ടിപടി, ആലിങ്ങൽ | തൃപ്രങ്ങോട് | 8.11.2022 | 278000 | |
| 2 | ശോഭന തണ്ടാശ്ശേരി | തൃപ്രങ്ങോട് | 13.04.2022 | 232000 | |
| 3 | ശ്രീജ.റ്റി.വി, തിരുത്തുമ്മൽ വളപ്പിൽ | തൃപ്രങ്ങോട് | 8.11.2022 | 208000 | |
| 4 | ലീല കെ.പി.,കുച്ചിപ്പള്ളി | തൃപ്രങ്ങോട് | 18.06.2022 | 376000 | |
| 5 | വള്ളി ,പനക്കോത്ത് ഹൗസ്, വെട്ടം | വെട്ടം | 19.03.2023 | 48000 | അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി |

| | | | | | |
|---|---|---|---|---|---|
| | | | | | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 6 | സൂനിത,പുല്ലാനിക്കാട്,പുല്ലൂർ | തലക്കാട് | 15.03.2023 | 48000 | അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 7 | ആനന്ദവല്ലി, കരിയംതിരുത്തി | മംഗലം | 5.09.2022 | 48000 | അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 8 | സുകന്യ ,വള്ളുവൻ പറമ്പിൽ | മംഗലം | 19.03.2023 | 48000 | |
| 9 | വിജിത, ചെമ്മംകഴിത്തറ | മംഗലം | 19.03.2023 | 48000 | |
| 10 | കാളി, അറോട്ടി പറമ്പിൽ | തിരുനാവായ | 17.03.2023 | 48000 | |
| 11 | ആയിഷ, പാറമ്മൽ | തിരുനാവായ | 02.09.2022 | 158000 | |
| 12 | റഹ്മത്ത്, പള്ളാത്ത് ഹൗസ്,പറവണ്ണ | വെട്ടം | 13.04.2022 | 298000 | |
| 13 | താഹിറ, മരക്കാരുകണ്ടി. വാക്കാട് | വെട്ടം | 2.09.2022 | 171000 | |
| 14 | ഷൈലജ, കിഴക്കേ കളത്തിൽ ഹൗസ്, പാച്ചാട്ടിരി | വെട്ടം | 30.03.2022 | 302000 | |
| 15 | കൈരളി, ഓട്ടാൻ ചാലിൽ, പറവണ്ണ | വെട്ടം | 19.03.2023 | 96000 | |
| 16 | ഫാത്തിമ ബീവി. പറവണ്ണ | വെട്ടം | 05.10.2021 | 278000 | |
| 17 | കുഞ്ഞമ്മു, തറയിൽ | വെട്ടം | 13.04.2022 | 278000 | |
| 18 | രാമൻ, തറയിൽ പറമ്പിൽ, പാച്ചാട്ടിരി | വെട്ടം | 2.09.2022 | 278000 | |
| 19 | ബീന,ചെറയെക്കാട് | തിരുനാവായ | 2.09.2022 | 278000 | |
| 20 | മാലതി, എറവക്കാട് | തിരുനാവായ | 2.09.2022 | 278000 | |
| 21 | ബേബി, കോലോത്തു വളപ്പിൽ | തലക്കാട് | 02.11.2022 | 376000 | |
| 22 | ജാനകി, കോട്ടത്തറ ഹൗസ് | തലക്കാട് | 12.09.2022 | 376000 | |

| | | | | | |
|---|---|---|---|---|---|
| 23 | ഷീബ, പുളിക്കൽ | പുറത്തൂർ | 15.01.2022 | 306000 | |
| 24 | താഹിറ, ചാളത്തറയിൽ | പുറത്തൂർ | 5.03.2022 | 306000 | |
| 25 | പ്രീത, അമ്മിക്കോട്ടു വളപ്പിൽ | പുറത്തൂർ | 18.01.202 | 278000 | |
| 26 | വിജയ,ചിറ്റേത്ത് ഹൗസ് | പുറത്തൂർ | 18.06.2022 | 96000 | |
| 27 | നിഷ, ഇല്ലത്ത് പറമ്പിൽ | പുറത്തൂർ | 18.01.2022 | 160000 | |
| 28 | ദേവിക, കൊളത്തൊളി തറയിൽ | പുറത്തൂർ | 18.01.2022 | 160000 | |
| 29 | ഫാത്തിമ, കുളങ്ങര വീട്ടിൽ | പുറത്തൂർ | 13.04.2022 | 330000 | |
| 30 | കുഞ്ഞിമോൾ, വല്ലത്ത് | പുറത്തൂർ | 19.01.2022 | 306000 | |
| 31 | അജിത, മാടായിക്കൽ | പുറത്തൂർ | 18.01.2022 | 232000 | |
| 32 | ശ്രീജ.പഴംകുളത്തിൽ | പുറത്തൂർ | 05.03.2022 | 330000 | |
| 33 | നിമ്മി, അമ്മിക്കേട്ട് പറമ്പിൽ | പുറത്തൂർ | 18.01.2022 | 48000 | |
| 34 | രുഗ്മിണി, അരിച്ചാലിൽ ഹൗസ് | പുറത്തൂർ | 05.03.2022 | 306000 | |
| 35 | ലക്ഷ്മി, കളം കൊള്ളിതറയിൽ | പുറത്തൂർ | 18.01.2022 | 306000 | |
| 36 | സുഖില, ആന്നൂർ പടി, ചമ്രവട്ടം | തൃപ്രങ്ങോട് | 8.11.2022 | 306000 | |
| 37 | അനിത, അലത്തിൽ പടി | തൃപ്രങ്ങോട് | 08.11.2022 | 330000 | |
| 38 | സുലൈഖ.വലയി വീട്ടിൽ | തൃപ്രങ്ങോട് | 16.05.2022 | 306000 | |
| 39 | സജിത, അമ്മാട്ടി പടി | തൃപ്രങ്ങോട് | 03.11.2022 | 330000 | |
| 40 | രമ്യ,തെയ്യശ്ശഞ്ചേരി | മംഗലം | 30.03.2022 | 302000 | |
| 41 | രമണി, തൃക്കണാശ്ശേരി | പുറത്തൂർ | 16.05.2022 | 306000 | |
| 42 | തങ്ക, കൈപോക്കിൽ, ചമ്രവട്ടം | തൃപ്രങ്ങോട് | 18.10.2022 | 306000 | |
| 43 | നാരായണി, തൃക്കണാശ്ശേരി | പുറത്തൂർ | 18.01.2022 | 306000 | |
| 44 | ദേവയാനി, ചേരിത്തറയിൽ | പൂറത്തൂർ | 5.03.2022 | 258000 | |
| 45 | കാർത്ത്യായനി, തോട്ടത്തിൽ പറമ്പിൽ | വെട്ടം | 05.03.2022 | 278000 | |
| 46 | സീനത്ത്, കുഞ്ഞാത്തുന്റെ പുരക്കൽ | പുറത്തൂർ | 20.03.2023 | 118000 | |
| 47 | ശാന്ത,തോട്ടത്തിൽ പറമ്പിൽ | വെട്ടം | 05.09.2022 | 160000 | |

| | | | | | |
|---|---|---|---|---|---|
| 48 | സുജാത, തോട്ടത്തിൽ പറമ്പിൽ | വെട്ടം | 8.11.2022 | 232000 | |
| 49 | ഹബീബ, തൊട്ടികണ്ടിയിൽ | പുറത്തൂർ | 30.10.2021 | 302000 | |
| 50 | ജമീല, മരക്കാരത്ത് | പുറത്തൂർ | 30.10.2021 | 302000 | |
| 51 | ശാരദ,അമേരി പറമ്പിൽ | വെട്ടം | 5.10.2021 | 146000 | |
| 52 | നസീമ, നടുക്കണ്ടി ഹൗസ് | വെട്ടം | 20.10.2022 | 96000 | |
| 53 | ബീബാത്തു, തെങ്ങിൽ ഹൗസ് | വെട്ടം | 5.10.2021 | 230000 | |
| 54 | ഉമ്മർ, കാപ്പാട്ടകത്ത് ഹൗസ് | വെട്ടം | 22.10.2021 | 330000 | |
| 55 | റംലത്ത്, കുട്ടാത്ത് ഹൗസ് | വെട്ടം | 5.10.2021 | 288000 | |
| 56 | പത്മിനി.തൃക്കണാശ്ശേരി | പുറത്തൂർ | 30.10.2021 | 232000 | |
| 57 | കമല്യ, പുളിക്കൽ | പുറത്തൂർ | 1.11.2021 | 302000 | |
| 58 | സുലൈഖ, കുന്നത്ത് | പുറത്തൂർ | 30.10.2021 | 302000 | |
| 59 | കദീജ, മഞ്ഞപ്പറ്റ പറമ്പിൽ | തൃപ്രങ്ങോട് | 23.03.2021 | 232000 | |
| 60 | സൗജത്ത്, കല്ല്യാപുറത്ത് | വെട്ടം | 22.10.2021 | 232000 | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/2022-23 തീയതി. 26.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-28 സബ്സിഡി മാർഗ്ഗരേഖ ലംഘനം - കൊയ്ത്ത്മെതിയന്ത്രം വാങ്ങിയതിൽ 2,70,000/- രൂപയുടെ അധിക ചെലവ്

പ്രോജക്ട് നമ്പർ : 76/23 കൊയ്ത്ത്മെതിയന്ത്രം വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)
അടങ്കൽ : 27,00,000 വികസന ഫണ്ട് , പൊതു വിഭാഗം സാധാരണ വിഹിതം
ബിൽ നമ്പർ : BRN 2215056302140105 2512/17.01.2023-₹ 27,00000/-
ടാക്സ് ഇൻവോയ്സ് നമ്പർ W : 219/22-23 തീയതി 16.01.2023 ₹27,00000/-

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിക്ക് വിധേയമായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ പർച്ചേസിങ്ങ് കമ്മിറ്റി രൂപീകരിച്ച്, യന്ത്രത്തിന്റെ ഉടമസ്ഥത ബ്ലോക്ക് പഞ്ചായത്തിനും കൈവശാധികാരം ഭരണസമിതി തീരുമാനിക്കുന്ന സംഘം/സമിതിക്കും ആയിരിക്കും എന്ന വ്യവസ്ഥയിൽ ക്വട്ടേഷൻ/ടെണ്ടർ മുഖേന കൊയ്ത്ത്മെതിയന്ത്രം വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

19.04.2022 ലെ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 3.5 (പ്രോജക്ടുകൾ തയ്യാറാക്കൽ) ലെ ക്രമ നമ്പർ (4)(iv) പ്രകാരം ഓരോ പ്രോജക്ടും ഡാറ്റാ എൻട്രി ചെയ്യുന്നതിന് മുമ്പ് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3.5.10 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ അതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് /ഉത്തരവുകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

28.05.2022 ലെ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ-സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്/തുകയാണ് ഈ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയതിൽ അധികരിക്കാതെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി നിശ്ചയിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 5(2) പ്രകാരം ഈ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഖണ്ഡിക 4, 5(1) എന്നിവ ബാധകമാക്കാൻ കഴിയാത്തതുമായ ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. ഖണ്ഡിക 6.1.11 പ്രകാരം കാർഷിക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും സഹായം എന്ന ഇനത്തിൽ കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 90% (ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ)

നിശ്ചയിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ, സഹകരണ നിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത് രണ്ടു വർഷമെങ്കിലുമായ കാർഷിക സേവനങ്ങൾ നൽകുന്ന കർഷക/കർഷക തൊഴിലാളി സംഘം/ സമിതിയായിരിക്കണം. മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വണ്ടൂർ, മലപ്പുറം (കാർഷിക യന്ത്രോപകരണങ്ങൾ നേരിട്ട് വാങ്ങാൻ അനുമതിയുള്ള സ്ഥാപനം) സമർപ്പിച്ച ക്വട്ടേഷന്റെ (Ref.No. W/40Q/81 Dtd 12.12.2022 -Combine Harvester -KAIRA-LC08K-Contract King - Power Harvester 102 HP ₹ 27,00000/-) . അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 21.12.2022 ലെ 1(5) നമ്പർ തീരുമാന പ്രകാരം കാർഷിക യന്ത്രം വാങ്ങുന്നതിന് അനുമതി നൽകി. 27.12.2022 ലെ ടി.ഐ.ആർ 20/22-23 കത്ത് പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സപ്ലൈ ഓർഡർ നൽകി. ടി സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ W -219/22-23 തീയതി 16.01.2023 ₹27,00000/- ന് മേൽ ബിൽ പ്രകാരമുള്ള തുക അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ 04.01.2023 ലെ 1ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയും തമ്മിൽ ഒപ്പ് വെച്ച 17.01.2023 ലെ കരാർ പ്രകാരം കൊയ്ത്ത്മെതിയന്ത്രത്തിന്റെ കൈവശാധികാരം തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിനാണ് നൽകിയിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ കൊടുക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. മേൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സബ്സിഡി തുക പരമാവധി 90% ആയി നിശ്ചയിച്ചിരിക്കേ 100% തുക സബ്സിഡിയായി നൽകി കൊയ്ത്ത്മെതിയന്ത്രം വാങ്ങി തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിന് കൈമാറി. വാങ്ങൽ നടപടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ആകെ ചെലവ് തുകയുടെ (27,00000/-) 10% തുക (2,70,000/-) അധികം ചെലവഴിച്ചു. മേൽ വാങ്ങൽ നടപടിക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുമതി/സാധൂകരണം ലഭിച്ചിട്ടില്ല.

2. കരാർ/ബൈലോ പ്രകാരം ഓരോ മൂന്ന് മാസം കൂടുമ്പോഴും യന്ത്രത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ബാങ്ക് ഭരണ സമിതിയുടെ അംഗീകാരത്തോടുകൂടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും കൊയ്ത്ത്മെതിയന്ത്രം വാടകയ്ക്ക് നൽകുന്നതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ച് വരുന്ന ലാഭത്തിൽ 50% ബ്ലോക്ക് പഞ്ചായത്തിനും 50% തുക തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൊയ്ത്ത്മെതിയന്ത്രം വാങ്ങി കൈമാറിയിട്ട് ഓഡിറ്റ് തീയതി വരെ എട്ടു മാസം കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ ഇനത്തിലെ വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വരവ് ചെലവു കണക്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. കൊയ്ത്ത്മെതിയന്ത്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്ത് സബ്കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി/രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 5/2022-23 തീയതി. 23.08.2023) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സാധൂകരണം മുൻകൂർ ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും, വരവ് ചെലവ് കണക്കുകൾ 26.08.2023 നാണ് ലഭിച്ചിട്ടുള്ളതെന്നും ആയത് മോണിറ്ററിംഗ് സമിതിയിൽ വെച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണെന്നും മോണിറ്ററിംഗ് കമ്മിറ്റി ശാക്തീകരിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

സർക്കാരിൽ നിന്നും ആവശ്യമായ അനുമതി/സാധൂകരണം ലഭ്യമാകാത്തതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൊയ്ത്ത്മെതിയന്ത്രം വാങ്ങുന്നതിന് അധികമായി ചെലവഴിച്ച 2,70,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ/ബൈലോ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ള വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട രേഖകൾ സഹിതവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി- ഫോം വർക്ക് ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാരന് അധികം നൽകിയത് 20,105 രൂപ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പുല്ലൂണി SC കോളനി റോഡ് പ്രവൃത്തി (S0017/23) എന്ന പ്രൊജക്ടിൽ ഇനം 3 പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയതിന് Mord-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻട്രിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 26.08.2022-ന് പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻട്രിംഗ് & ഷട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ മേൽ പ്രവൃത്തിക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. തെറ്റായി നിരക്ക് അനുവദിച്ചത് മൂലം 20,105/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 13,00,000/11,73,184 (വികസന ഫണ്ട് (SCP) | |
| ടി എസ് | 69770/31.12.2021 (Cost Index 36.44%) | |
| Est. No | 2021/103301 | |
| കരാർ | 20/AE/2.03.22 (E Tender) | |
| എം ബുക്ക് | 59/21-22 | |
| BRN | 22150563022700694548/27.10.22 | |
| കരാറുകാരൻ | വള്ളിയൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 466751.26 (67.57m$^3$*6907.67) (8358.28/m3 -17.3554% (Tender Below)= 6907.67) | 448799.94 (67.57m$^3$*6642) (8036.83/m3 -17.3554% (Tender Below) = 6642) | 20,105 [17951.32 + 12 GST] |

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് അധികം നൽകിയ 20,105 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18/26.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 20,105 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ - തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി - കരാറുകാരന് അധികം നൽകിയത് - 14,051 രൂപ

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR SOR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ റോഡ്/റോഡ് അനുബന്ധ പ്രവൃത്തികളല്ലാത്ത താഴെ പരാമർശിക്കുന്ന പ്രവൃത്തിക്ക് MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. MORD SOR പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് DSR SOR നെക്കാൾ അധികരിക്കുന്നത് കാരണം വിവിധ ഇനം പ്രവൃത്തികൾക്ക് അധികച്ചെലവ് അനുവദിക്കാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആലിങ്ങൽ ഇല്ലിക്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ ( SO016/23)

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക (DSR) | അധികം |
|---|---|---|---|---|
| TS- 17003/ 1.8.21 - 500000 (31.06% CI) ഫണ്ട്: ധനകാര്യ കമ്മീഷൻ ഗ്രാന്റ് M Book - 45/21-22 കരാറുകാരൻ- ശ്രീ സലീം.P കരാർ – 18/AE/28.01.22 ( Tender Below-1.20%) മൂല്യ നിർണ്ണയം- 493675 ചെലവ് - 493675 Vr-XVFC/22-23 | Excavation In Cutting In Soil By Manual Means 44.29 M$^3$ | 10121.15 @228.52/m$^3$ (MORD 3.5.1) | 9658.76 @218.08/m$^3$ (2.8.1) | 462.39 |
| | Dry Rubble Masonry Without Concrete Levelling Course 137.907 M$^3$ | 361381.16 2620.47/m | 346895.40 2515.43/m$^3$ | 14485.76 |
| | സിമന്റ് കോൺക്രീറ്റ് 1:2:4 6.266 M$^3$ | 49138.47 @7842.08/m$^3$ | 45018.95 @7184.64/m$^3$ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക് | 4119.52 |

| | | | | |
|---|---|---|---|---|
| /P/41/12.5.22-493675 | സെന്ററിങ്<br>2*125.3*0.10=25.06m2 | ° | @254.19/m2 DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക് | -6370<br>(25.06 M2 X 254.19m2) |
| അധികം നൽകിയത്. | | | | 14,051<br>(12697.67-1.20(Tender Below)+12% GST) |

തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് കാരണം പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയ 14,051 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19/26.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 14,051 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ-കരാറുകാരന് അധികം നൽകിയത് 7082 രൂപ – മറ്റ് അപാകതകൾ

പ്രോജക്റ്റ് - S0026/23
ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ബിൽ - 22150852036401365129/15.3.23 -656416
എം. ബുക്ക് - 54/21-22
കരാർ - 27/AE/21.4.22 (Estimate Rate)
മൂല്യനിർണ്ണയം - 656416
കരാറുകാരൻ - P.ബാലൻ
Cost Index -36.44% (DSoR 2018)
Esti. No.- 2022 / 7064
TS- 90651/19.2.22

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രവൃത്തി 26.8.23 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. പ്രവൃത്തിയിൽ റൂഫിംഗ് ഷീറ്റ് ഇടുന്നതിന്റെ ഭാഗമായി ഇനം 1 പ്രകാരം ചെയ്തിട്ടുള്ള GI പൈപ്പുകൾ കൊണ്ടുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിക്കാവുന്നത് MS പൈപ്പ് കൊണ്ടുള്ള പ്രവൃത്തികൾക്കാണ്)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 362.047 Kg X 169.87/kg = 61500 | 362.047 Kg X 153.29/kg = 55498.18 | 7082<br>(6001.82+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 7082 രൂപ

2. GUPS ചമ്രവട്ടം സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഇനം 26 പ്രകാരം സ്കൂളിൽ 5 വാട്ടർ പ്യൂരിഫയർ (Aqua Mist- 16 Litre) വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ഒന്നിന് 17,770.95 രൂപ വച്ച് (Observed Data) 88,854.75 രൂപ അനുവദിച്ചിട്ടുണ്ട്. RO+UV സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വാട്ടർ പ്യൂരിഫയറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ UV സ്പെസിഫിക്കേഷൻ മാത്രമുള്ള വാട്ടർ പ്യൂരിഫയറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ തുക തിരിച്ച് ഈടാക്കേണ്ടതാണ്.

3. GO(P).No.7/2019/SPD Dtd.26.4.2019 ഉത്തരവ് പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന മാത്രമേ വാങ്ങാവൂ. ആയത് ഇവിടെ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 23/1.9.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 7082 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ച ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക കണക്കാക്കി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ വാട്ടർ പ്യൂരിഫയറിന് അനുവദിച്ച

തുക 88,854.75 രൂപ തടസ്സം ചെയ്യുന്നു.

## 3-4 സബ്സിഡി മാർഗ്ഗരേഖ ലംഘനം - കൊയ്ത്ത്മെതിയന്ത്രം വാങ്ങിയതിൽ 2,70,000/- രൂപയുടെ അധിക ചെലവ്

പ്രോജക്ട് നമ്പർ-76/23 കൊയ്ത്ത്മെതിയന്ത്രം വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)
അടങ്കൽ-27,00,000 വികസന ഫണ്ട് , പൊതു വിഭാഗം സാധാരണ വിഹിതം
ബിൽ നമ്പർ - BRN 22150563021401052512/17.01.2023-₹ 27,00000/-
ടാക്സ് ഇൻവോയ്സ് നമ്പർ W -219/22-23 തീയതി 16.01.2023 ₹27,00000/-

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിക്ക് വിധേയമായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ പർച്ചേസിങ്ങ് കമ്മിറ്റി രൂപീകരിച്ച്, യന്ത്രത്തിന്റെ ഉടമസ്ഥത ബ്ലോക്ക് പഞ്ചായത്തിനും കൈവശാധികാരം ഭരണ സമിതി തീരുമാനിക്കുന്ന സംഘം/സമിതിക്കും ആയിരിക്കും എന്ന വ്യവസ്ഥയിൽ ക്വട്ടേഷൻ/ടെണ്ടർ മുഖേന കൊയ്ത്ത്മെതിയന്ത്രം വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

19.04.2022 ലെ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 3.5 (പ്രോജക്ടുകൾ തയ്യാറാക്കൽ ) ലെ ക്രമ നമ്പർ (4)(iv) പ്രകാരം ഓരോ പ്രോജക്ടും ഡാറ്റാ എൻട്രി ചെയ്യുന്നതിന് മുമ്പ് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3.5.10 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ അതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് /ഉത്തരവുകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

28.05.2022 ലെ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ-സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക്/ സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്/തുകയാണ് ഈ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയതിൽ അധികരിക്കാതെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി നിശ്ചയിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 5 (2) പ്രകാരം ഈ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഖണ്ഡിക 4, 5(1) എന്നിവ ബാധകമാക്കാൻ കഴിയാത്തതുമായ ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. ഖണ്ഡിക 6.1.11 പ്രകാരം കാർഷിക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും സഹായം എന്ന ഇനത്തിൽ കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 90% (ഇൻഷ്വറൻസ് ,രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ) നിശ്ചയിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ, സഹകരണ നിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത് രണ്ടു വർഷമെങ്കിലുമായ കാർഷിക സേവനങ്ങൾ നൽകുന്ന കർഷക/കർഷക തൊഴിലാളി സംഘം/സമിതിയായിരിക്കണം. മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വണ്ടൂർ, മലപ്പുറം (കാർഷിക യന്ത്രോപകരണങ്ങൾ നേരിട്ട് വാങ്ങാൻ അനുമതിയുള്ള സ്ഥാപനം) സമർപ്പിച്ച ക്വട്ടേഷന്റെ (Ref.No. W/40Q/81 Dtd 12.12.2022 -Combine Harvester -KAIRA-LCO8K-Contract King -Power Harvester 102 HP ₹ 27,00000/-) . അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 21.12.2022 ലെ 1(5) നമ്പർ തീരുമാന പ്രകാരം കാർഷിക യന്ത്രം വാങ്ങുന്നതിന് അനുമതി നൽകി. 27.12.2022 ലെ ടി.ഐ.ആർ 20/22-23 കത്ത് പ്രകാരം കൃഷി അസിസ്ററന്റ് ഡയറക്ടർ സപ്ലൈ ഓർഡർ നൽകി. ടി സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ W -219/22-23 തീയതി 16.01.2023 ₹27,00000/- ന് മേൽ ബിൽ പ്രകാരമുള്ള തുക അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ 04.01.2023 ലെ 1ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയും തമ്മിൽ ഒപ്പ് വെച്ച 17.01.2023 ലെ കരാർ പ്രകാരം കൊയ്ത്ത്മെതിയന്ത്രത്തിന്റെ കൈവശാധികാരം തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിനാണ് നൽകിയിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ കൊടുക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. മേൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സബ്സിഡി തുക പരമാവധി 90% ആയി നിശ്ചയിച്ചിരിക്കേ 100% തുക സബ്സിഡിയായി നൽകി കൊയ്ത്ത്മെതിയന്ത്രം വാങ്ങി തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിന് കൈമാറി. വാങ്ങൽ നടപടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ആകെ ചെലവ് തുകയുടെ (27,00000/-) 10% തുക (2,70,000/-) അധികം ചെലവഴിച്ചു. മേൽ വാങ്ങൽ നടപടിക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുമതി/സാധൂകരണം ലഭിച്ചിട്ടില്ല.

2. കരാർ/ബൈലോ പ്രകാരം ഓരോ മൂന്ന് മാസം കൂടുമ്പോഴും യന്ത്രത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ബാങ്ക് ഭരണ സമിതിയുടെ അംഗീകാരത്തോടുകൂടി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും കൊയ്ത്ത്മെതിയന്ത്രം വാടകയ്ക്ക് നൽകുന്നതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ച് വരുന്ന ലാഭത്തിൽ 50% ബ്ലോക്ക് പഞ്ചായത്തിനും 50% തുക തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൊയ്ത്ത്മെതിയന്ത്രം വാങ്ങി കൈമാറിയിട്ട് ഓഡിറ്റ് തീയതി വരെ എട്ടു മാസം കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ ഇനത്തിലെ വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വരവ് ചെലവു കണക്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. കൊയ്ത്ത്മെതിയന്ത്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്ത് സബ്കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി/രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 5/2022-23) തീയതി. 23.08.2023) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സാധൂകരണം ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും, വരവ് ചെലവ് കണക്കുകൾ 26.08.2023 നാണ് ലഭിച്ചിട്ടുള്ളതെന്നും ആയത് മോണിറ്ററിംഗ് സമിതിയിൽ വെച്ച് ഉചിത നടപടി

സ്വീകരിക്കുന്നതാണെന്നും മോണിറ്ററിംഗ് കമ്മിറ്റി ശാക്തീകരിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

സർക്കാരിൽ നിന്നും ആവശ്യമായ അനുമതി/സാധൂകരണം ലഭ്യമാകാത്തതിനാൽ മേൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൊയ്ത്ത്മെതിയന്ത്രം വാങ്ങുന്നതിന് അധികമായി ചെലവഴിച്ച 2,70,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ/ബൈലോ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ള വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട രേഖകൾ സഹിതവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തിരുനാവായ ഗ്രാമ പഞ്ചായത്ത് | 70000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 70000 | 0 |
| | 70000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 70000 | 0 |
| തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് | 140000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 140000 | 0 |
| | 70000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 70000 | 0 |
| തലക്കാട് ഗ്രാമ പഞ്ചായത്ത് | 70000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 70000 | 0 |
| പുറത്തൂർ ഗ്രാമ പഞ്ചായത്ത് | 280000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 280000 | 0 |
| | 140000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 140000 | 0 |
| മംഗലം ഗ്രാമ പഞ്ചായത്ത് | 140000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 140000 | 0 |
| | 280000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 280000 | 0 |
| വെട്ടം ഗ്രാമ പഞ്ചായത്ത് | 700000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 700000 | 0 |

| | | | | |
|---|---|---|---|---|
| | 140000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 140000 | 0 |
| ആകെ | 2100000 | | 2100000 | 0 |
| ജില്ലാ പഞ്ചായത്ത് | 3724000 | പ്രോ.നം-68/22-23 പി.എം.എ.വൈ ഭവന പദ്ധതി (ജനറൽ) | 3724000 | 0 |
| | 1862000 | പ്രോ.നം-69/22-23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി) | 1862000 | 0 |
| ആകെ | 5586000 | | 5586000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ തീയ്യതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | Keltron IT Mission | പ്രോ.നം-136/23 ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ | 22200914/ 09.03.2023 | 144828 | 144828 | 0 |
| | | 137/23 ബ്ലോക്ക് പഞ്ചായത്തിൽ ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം | 22200909/ 13.03.2023 | 26877 | 0 | 26877 |
| | | 99/23 അസി.എക്സി. എഞ്ചിനിയർ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ | 22200922/ 14.11.2022 | 213138 | 213138 | 0 |
| 2 | KADCO | 130/23 ബ്ലോക്ക് പഞ്ചായത്ത് -ഫർണിച്ചർ വാങ്ങൽ | 22200918/ 29.12.2022 | 22476 | 22476 | 0 |
| | | ആകെ | | 407319 | 380442 | 26877 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 163292/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 8309 | ലഭ്യമല്ല | ലഭ്യമല്ല |
| 2019-20 | 3-1 | 6502 | ശ്രീ. കെ.എം മൊയ്തീൻ, ലഭ്യമല്ല. | 122020100007/26.08.22 |

| | | | | |
|---|---|---|---|---|
| 2020-21 | 3-2(iii) | 18248 | ശ്രീ. മുഹമ്മദ് റിയാസ്, ലഭ്യമല്ല. | 122020100008/26.08.22 |
| 2020-21 | 3-2(iii) | 30659 | ശ്രീ. പുരുഷോത്തമൻ .പി, ലഭ്യമല്ല. | 122020100010/26.08.22 |
| 2020-21 | 3-2(i) | 16418 | ശ്രീ. പുരുഷോത്തമൻ .പി, ലഭ്യമല്ല. | 122020100011/26.08.22 |
| 2020-21 | 3-2(ii) | 18507 | ശ്രീ. പുരുഷോത്തമൻ .പി, ലഭ്യമല്ല. | 122020100012/26.08.22 |
| 2020-21 | 3-2(v) | 12389 | ശ്രീ. പുരുഷോത്തമൻ .പി, ലഭ്യമല്ല. | 122020100013/26.08.22 |
| 2020-21 | 3-2(iv) | 5713 | ശ്രീ.അബ്ദുൾ ഗഫൂർ സി.എം, ലഭ്യമല്ല. | 122020100014/27.08.22 |
| 2020-21 | 3-1 | 22428 | ശ്രീ.പ്രകാശൻ എ.പി, ലഭ്യമല്ല. | 122020100015/30.08.22 |
| 2020-21 | 3-5 | 8064 | ശ്രീ.പ്രകാശൻ എ.പി, ലഭ്യമല്ല. | 122020100016/30.08.22 |
| 2020-21 | 3-3 | 16055 | ശ്രീ.അർജ്ജുനൻ എം, ലഭ്യമല്ല. | 900290100100/13.01.22 |
| | ആകെ | 163292 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97, 1997-98 | 33 | 1999-00 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2005-06 Exp. | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 Exp. | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85752108 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82515389 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 311238 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 211653 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 20105 | Rs. 10053 ശ്രീമതി.സിന.എൻ, അസിസ്റ്റന്റ് എഞ്ചിനിയർ<br>Rs.10052 ശ്രീമതി.സാജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | | 14,051 | Rs. 7026 ശ്രീമതി.സിന.എൻ, അസിസ്റ്റന്റ് എഞ്ചിനിയർ<br>Rs.7025 ശ്രീമതി.സാജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3 | | 7082 | Rs. 3541 ശ്രീമതി.സിന.എൻ, അസിസ്റ്റന്റ് എഞ്ചിനിയർ<br>Rs. 3541 ശ്രീമതി.ജുമൈലത്ത്.വി.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-4 | | 2,70,000 | ശ്രീമതി. ബിന്ദു കെ.കെ , കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| | ആകെ | 311238 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 22798 | ഡോ.അബ്ദുൾ ജലീൽ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, വെ ട്ടം) |
| 1-19 | 1,00,000 | ശ്രീ. ഗോവിന്ദൻ സി.പി ,സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-23 | 88,854 | ശ്രീമതി.സിന.എൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 211653 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിന.എൻ, അസിസ്റ്റന്റ് എഞ്ചിനിയർ | അസി.എഞ്ചിനീയർ, പുറത്തൂർ ഗ്രാമപഞ്ചായത്ത്. | ശ്രീനിലയം തിരുന്നാവായ(പി.ഒ) 676301 (പിൻ) മലപ്പുറം |
| ശ്രീമതി. ജുമൈലത്ത്.വി.വി, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | തിരുനാവായ കളത്തിൽ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | എഞ്ചിനിയർ,<br>താനൂർ ബ്ലോക്ക് പഞ്ചായത്ത്. | ഹൗസ്,<br>പാഴൂർ പി.ഒ,<br>കുറ്റിപ്പുറം - 679571<br>മലപ്പുറം |
| ശ്രീമതി.സാജിത.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ,<br>O/o The Exe.Engineer<br>പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ്<br>പത്തനംതിട്ട | ഫിർഡൗസ് ഹൗസ്,<br>സി.ടി.ജംഗ്ഷൻ<br>റോസ് നഗർ<br>കാരിക്കോട് പി.ഒ,<br>TKMCPO<br>കൊല്ലം - 691005 |
| ശ്രീമതി. ബിന്ദു കെ.കെ ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ,<br>തിരൂർ ബ്ലോക്ക് പഞ്ചായത്ത് | കുന്നത്ത്പ്പറമ്പിൽ(വീട്)<br>കുറഞ്ഞിയൂർ<br>ചാവക്കാട് പി.ഒ<br>പിൻ-680506<br>തൃശ്ശൂർ (ജില്ല) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97, 1997-98 | എൽ.എഫ്.എം. 4/3373(1)/14 തിയ്യതി 29-07-2015 | 10 |
| 1999-00 | കെ.എസ്.എ.എം.പി.എം.4/3373(2)/2016, 09.09.2016 | 1 |
| 2000-01 | കെ.എസ്.എ.എം.പി.എം.4/1444/2016, 09.09.2016 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം.4/3373(4)/2016, 09.09.2016 | 2 |
| 2003-04 (ചെലവ്) | എൽ.എഫ്.എം. 4/3373(6)/14 തിയ്യതി 20-07-2015 | 7 |
| 2004-05 (ചെലവ്) | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 2005-06 | കെ.എസ്.എ.എം.പി.എം.4/3373(8)/16 തിയ്യതി 09-09-2016 | 6 |
| 2006-07 | കെ.എസ്.എ.എം.പി.എം.4/3373(9)/16 തിയ്യതി 09-09-2016 | 2 |
| 2007-08 | കെ.എസ്.എ.എം.പി.എം.4/2272/19 തിയ്യതി 02-11-2019 | 13 |
| 2008-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 5 |
| 2009-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 2011-12,<br>2012-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 2013-14 | കെ.എസ്.എ.എം.പി.എം.4/1787/16 തിയ്യതി 05-03-2017 | 9 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/1445/16 തിയ്യതി:17-03-2017 | 10 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.4/687/17 തിയ്യതി 24.03.17 | 25 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/1338/2018 തിയ്യതി 28.05.2019 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം(4)/556/19 10.04.2019 | 21 |
| 2018-19 | കെ.എസ്.എ.എം.പി.എം(4)/1274/20 5.11.2020 | 14 |
| 2019-20 | കെ.എസ്.എ.എം.പി.എം4/1327/22 തിയ്യതി 22.09.22 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം4/1328/22 തിയ്യതി 11.10.22 | 14 |
| 2021-22 | കെ.എസ്.എ.എം.പി.എം4/211/23 തിയ്യതി 17.03.2023 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2 dated 12-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Tirur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tirur Block Panchayat for the year 2022-2023

Date: 07/10/2023

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Tirur Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Mismatch in cash flow statement
2. B-4 Schedule does not match with B-17 Schedule
3. DCB register does not match with Annual financial statement
4. Deposit register is not maintained.
5. Advance register is not maintained.
6. Audit Recovery Receipt booked in wrong Account Head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്